LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ മിനിസ്റ്റർക്ക് ഇഷ്ടമുള്ള ആളുകളെ ചേർത്തു കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ മിനിസ്റ്ററായിരുന്നകാലത്തു അത്തരത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ഒരു റിട്ട് ഹൈക്കോടതിയിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ റിട്ട് ഹൈക്കോടതി തള്ളിക്കളയുകയാണു ചെയ്തിട്ടുള്ളതെന്നറിയുന്നു. അല്ലാതെ ഈ മിനിസ്റ്റർ അങ്ങനെ ഇഷ്ടമുള്ള ആളുകളെ ചേർത്തു കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തു പ്രസിഡണ്ടന്മാരേയും ഉദ്യോഗസ്ഥന്മാരേയും ചേർത്തുകൊണ്ടാണു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: പഞ്ചായത്തുകൾക്കാണു് അധികാരം എന്നു പറയുന്നുവെങ്കിലും, ഒരു പഞ്ചായത്തിൽനിന്നും അവിടെ ഭൂമി കൊടുക്കാൻ അർഹതയുള്ളവരുടെ പേരുവിവരം കാണിക്കുന്ന ലിസ്റ്റു അയച്ചുവെങ്കിലും, അവിടെയുള്ള ഭൂവിതരണം ആ പഞ്ചായത്തിനെ ഏൽപ്പിക്കാതെ മറ്റുള്ളവരെ ചേർത്തുകൊണ്ടു് കമ്മിറ്റി സംഘടിപ്പിക്കാനുള്ള കാരണം എന്താണെന്നാണു് ചോദിച്ചതു്?

ശ്രീ. കെ. കുഞ്ഞമ്പു: സെറ്റിൽമെന്റു സ്കീം അനുസരിച്ചു ഭൂമി പതിച്ചുകൊടുക്കുന്നതിനു് അതാതു പഞ്ചായത്തിലുള്ളവരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ചേർത്തുകൊണ്ടു് കമ്മിറ്റി രൂപീകരിച്ചു് അവർ വിതരണം ചെയ്യുകയാണു് ചെയ്യുന്നതു്.

ശ്രീമതി എ.നഫീസത്തു ബീവി: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും സെറ്റിൽമെന്റു സ്കീം അനുസരിച്ചു പട്ടണപ്രദേശങ്ങളിൽ അഞ്ചു സെന്റു ഭൂമി പതിച്ചുകൊടുക്കുമെന്നു് മനസ്സിലായി. എന്നാൽ ആലപ്പുഴയിൽ സെറ്റിൽമെന്റു സ്കീം അനുസരിച്ചു പതിച്ചുകൊടുത്തിട്ടുള്ള അഞ്ചാം നമ്പർ സ്ഥലം ഒഴിഞ്ഞുകിടന്നിടത്തു ഭൂമിയില്ലാത്ത ഒരു ഔസേപ്പു് മറിയം വീടുവെച്ചു് താമസിക്കുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടും ഇതുവരെയും ഗവണ്മെൻറിൽനിന്നും അതു പതിച്ചുകൊടുക്കുന്നതിനുള്ള നടപടി എടുത്തിട്ടില്ല. മാത്രമല്ല അവരെ അവിടെനിന്നും ഇറക്കിവിടുന്നതിനുള്ള നോട്ടീസും കൊടുത്തിരിക്കുകയാണു്. അവരെ ഇറക്കിവിടാതിരിക്കുന്നതിനും ഭൂമി പതിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അവിടെ സെറ്റിൽമെന്റു സ്കീം അനുസരിച്ചു് പതിച്ചുകൊടുത്തിട്ടുള്ള ഒരു സ്ഥലത്തു് ഔസേപ്പു മറിയം എന്നൊരാൾ അനധികൃതമായി പ്രവേശിച്ചു് വീടുകെട്ടി താമസിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പർതന്നെ അക്കാര്യം എന്നോടു പറഞ്ഞപ്പോൾ സ്വന്തമായി ഭൂമി ഇല്ലെന്നു കാണിച്ചുകൊണ്ടുള്ള അപേക്ഷ ഗവണ്മെൻറിലേക്കു അയച്ചാൽ അതു പരിശോധനക്കെടുക്കാമെന്നു ഞാൻ മറുപടി പറയുകയും ചെയ്തു. എന്നാൽ ഭൂമിയില്ലെന്നു കാണിച്ചു് ഇതുവരെയും ആ ആളിൽനിന്നും അപേക്ഷ കിട്ടിയിട്ടില്ല. അപേക്ഷ അയയ്ക്കുകയാണെങ്കിൽ ആ കാര്യം പരിശോധിക്കാം.

## ഗവണ്മെൻറു് ടെക്നിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ.

* 617. [6] ശ്രീമതി കുസുമം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ Government ടെക്നിക്കൽ കോളേജുകളിൽ ഓരോന്നിലും അദ്ധ്യയനംനടത്തുന്ന വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥിനികൾ എത്ര;

(ബി) ഓരോസ്ഥാപനത്തിലും എത്ര വിദ്യാർത്ഥികൾക്കു് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടു്; എത്ര വിദ്യാർത്ഥിനികൾക്കു് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടു്;

(സി) വിദ്യാർത്ഥിനികൾക്കു് പ്രത്യേകമായി ഹോസ്റ്റൽ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവർക്കു് അത്യാവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ ആൻഡ് ബി) വിവരങ്ങളടങ്ങുന്ന ഒരു † സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(സി) അത്യാവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീമതി കുസുമം: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 268 വിദ്യാർത്ഥിനികൾ പഠിക്കുന്നതിൽ 136 വിദ്യാർത്ഥിനികൾക്ക് മാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. അതേപോലെ 715 ആൺകുട്ടികൾ പഠിക്കുന്നതിൽ 384 പേർക്കുമാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. തിരുവനന്തപുരം ഇൻജിനീയറിംഗ് കോളേജിൽ 1183 ആൺകുട്ടികൾ പഠിക്കുന്നതിൽ 452 പേർക്ക മാത്രമേ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. ഇക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലെടുത്ത് ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണെങ്കിലും, വളരെ ദൂരെനിന്ന് വന്നു പഠനം നടത്തുന്ന വിദ്യാർത്ഥിനികൾക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കുന്നതിൽ മുൻഗണന കൊടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ഈ സ്ഥാപനങ്ങളിലെല്ലാംതന്നെ വർദ്ധിച്ച തോതിലുള്ള ഹോസ്റ്റൽ സൗകര്യം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ചെയ്തുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ക്രമേണ അതു് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു്.

## പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനം

* 618. [7] ‡ ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ തങ്ങളേയും ഉൾപ്പെടുത്തണമെന്നു കാണിച്ചു എത്രയെല്ലാം സമുദായങ്ങൾ ഈ ഗവണ്മെന്റിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ എത്രയെല്ലാം സമുദായങ്ങളുടെ പ്രശ്നം ഈ ഗവണ്മെന്റു കേന്ദ്രഗവണ്മെന്റിലേക്ക് എഴുതി; അതിന്റെ ഫലമെന്തു്;

(സി) കുടുംബി സമുദായത്തെ പട്ടികജാതിയിൽ പെടുത്തണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) അക്കാര്യത്തിൽ ഈ ഗവണ്മെന്റും കേന്ദ്രഗവണ്മെന്റും അംഗീകരിച്ചിട്ടുള്ള നടപടിയെന്താണു്;

(ഈ) പെരുമണ്ണാൻ സമുദായത്തിനു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ സ്റ്റേറ്റിന്റെ ഏതെങ്കിലും ഭാഗത്തു എടുത്തുകളഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) കുടുംബി, തണ്ടാൻ (മലബാർ), പെരുവണ്ണാൻ, മുകയർ, വേലൻ, വർണ്ണവർ, പരവൻ, വിശ്വകർമ്മ, തോൽകൊല്ലൻ, മലയൻ, പെരുങ്കൊല്ലൻ, കുലാല, വേട്ടുവൻ, നായിക്കൻ, ഗണക, കുറവൻ, വെള്ളത്തേടത്തുനായർ, നായിഡു, ചക്കമർ, ചെമ്മാൻ, പണിയൻ, വണ്ണാൻ, പള്ളുവൻ, വീരശൈവ മുതലായ സമുദായങ്ങളിൽനിന്നു് നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

(സി) ഉണ്ടു്.

---

† Appendix–I

‡ Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly

# APPENDIX I

[ *Please see answer to starred question No.* 617 (6) ]

**Statement**

I. MEDICAL COLLEGES

(*a*) *Medical College, Trivandrum.*

| | |
|---|---|
| Boy Students | 715 |
| Girl Students | 268 |

Hostel accommodation has been provided for 384 boys and 136 girls.

(*b*) *Medical College Kozhikode.*

| | |
|---|---|
| Boys | Intake 180 yearly. |
| Girls | |

There is separate hostel accommodation for boys and girls.

(*c*) *Medical College Kottayam.*

| | |
|---|---|
| Boys | |
| Girls | Intake 60 yearly. |

There is hostel accommodation for boys and girls.

II. VETERINARY COLLEGE.

| | |
|---|---|
| Boy students | 216 |
| Girl students | 14 |

There is accommodation for all the 216 boy students and hostel facilities have been provided to all the girl students in a separate building of the College.

III. AGRICULTURE COLLEGE.

| | |
|---|---|
| Boy students | 193 |
| Girl students | 25 |

There is hostel accommodation for 240 boys and 25 girls.

V. ENGINEERING COLLEGES.

(*a*) *Engineering College, Trivandrum.*

| | |
|---|---|
| Boy students | 1183 |
| Girl students | 90 |

Hostel accommodation has been provided for 452 boys and 68 girls. There is a hostel exclusively for girls.

(*b*) *Engineering College, Trichur.*

| | |
|---|---|
| Boy students | 668 |
| Girl students | 28 |

Hostel accommodation has been provided for 236 boys. The building for the ladies hostel is nearing completion and will be ready for occupation next academic year.

V. AYURVEDA COLLEGES.

(*a*) *Ayurveda College, Trivandrum.*

| | |
|---|---|
| Boys | |
| Girls | Total 299 |

Hostel facilities are available for all the boys and girls.

(*b*) *Ayurveda College, Thripunithura.*

| | |
|---|---|
| Boys | |
| Girls | Total 130 |

There is no hostel accommodation for the students of the Ayurveda College, Thripunithura.

LIBRARY ARCHIVES Kerala Legislative Assembly